# തുഞ്ചൻ പറമ്പിലെ ബ്ലീച്ച്

തുഞ്ചൻ ഉത്സവം കൂടാൻ ഞാനും പോയിരുന്നു. ഈ വർഷമാദ്യം നടന്ന, മൂന്നു നാലു ദിവസം നീണ്ടുനിന്ന പരിപാടി. കേരളത്തിലെയും അയൽ സംസ്ഥാനങ്ങളിലെയും പല എഴുത്തുകാരും ആ ദിവസങ്ങളിൽ തുഞ്ചൻപറമ്പിലുണ്ടായിരുന്നല്ലോ.

അവിടെ കണ്ട പ്രധാന ദൃശ്യങ്ങളിലൊന്ന് ഒപ്പുശേഖരണമായിരുന്നു. തുഞ്ചൻ സ്മാരകത്തിന് അനുകൂലമായോ പ്രതികൂലമായോ ഒന്നുമല്ല. പ്രശസ്ത വ്യക്തികളുടെ കയ്യൊപ്പുകൾ വിദ്യാർത്ഥികളും ചെറുപ്പക്കാരും വാരിക്കൂട്ടുന്നു—ഒറ്റയായും കൂട്ടായും. ഒപ്പുത്സവം എന്നു പറയാമോ, എന്തോ?

കൂട്ടുകാരന്റെ അകമ്പടിയോടുകൂടി ഒരു കൊച്ചുപയ്യൻ ഓട്ടോഗ്രാഫുമായി എന്റെയടുത്തു വന്നു. ഞാൻ ഒന്നന്ധാളിച്ചു. ഏതു വകയിലാണ് ഞാനിത് ഒപ്പിക്കുക? പിള്ളേർക്ക് ആളു തെറ്റിയതാവാം. ഞാൻ സ്വയം ശാസിച്ചു. വെറുതെ വിനയം കാണിച്ചു ചാൻസ് കളയരുത്. മഹാനാവാനുള്ള സുവർണ്ണാവസരങ്ങൾ വിരളമാണെന്നു മറന്നുപോകരുത്. ഞാൻ ചോദിച്ചു.

"എന്താ മോനെ, എന്തു വേണം?"

"എയ്തിത്തരണം."

"എന്താണെഴുതേണ്ടത്?"

"എന്തെങ്കിലും ങ്ങക്ക് ഇഷ്ടമുള്ളത്"

"എന്തിനാണ്?"

അവനൊന്നു നാണിച്ചുചുരുണ്ടു. വിരൽത്തുമ്പുകളിലായിരുന്ന കുപ്പായത്തിന്റെ അറ്റം ആ ചുരുളിച്ച അനുകരിച്ചു. അവനേക്കാൾ ഇളപ്പമുള്ള കൂട്ടുകാരൻ സഹായത്തിനെത്തി.

"ങ്ങള് എയ്തീന്ന്."

"എന്ത്?"

"എന്തെങ്കിലും."

ഓട്ടോഗ്രാഫ് ഉടമ കുറച്ചുകൂടലേയ്ക്കു കൈ നീട്ടി.

"ഓറൊക്കെ എയ്ത്ണ്ണ്ല്ലോ?"

വാസ്തവം. അപ്പുറവും ഇപ്പുറവുമായി പലരും നീട്ടിപ്പിടിച്ച് ഒപ്പിടുന്നുണ്ട്, സ്വന്തം മഹദ്വചനങ്ങൾ കാച്ചുന്നുണ്ട്. ശകലം എനിക്കും കാച്ചാം.

മനസ്സൊരുക്കം നടത്തുന്ന കൂട്ടത്തിൽ, നാട്ടിലെ മഹത്തുക്കൾ ചെയ്യുംപോലെ, ഞാനും ഉദാരബുദ്ധിയായി.

"മോന്റെ പേരെന്താ?"

"ഗോപാലകൃഷ്ണൻ."

റൈറ്റ്. ഗോപാലകൃഷ്ണനാണല്ലേ? സാക്ഷാൽ ഭഗവാൻ. തുഞ്ചൻ ഉത്സവത്തിനു വന്നിരിക്കുന്നു. അതും ഉണ്ണിക്കൃഷ്ണന്റെ വടിവിൽ. തുഞ്ചത്താചാര്യനെക്കാണാൻ പോന്നുവന്നതാവാം. പുല്ലാങ്കുഴൽ എന്റെ നേരെ നീട്ടി നിൽക്കുകയാണ് ഉണ്ണിക്കണ്ണൻ എന്നൊക്കെ ശകലം ഫിലോസഫിയും കവിതയും സമം ചേർത്തു ഭാവന ചെയ്യേണ്ടതായിരുന്നു. മനസ്സിന്റെ ആ ഭാഗം അന്നേരം പ്രവർത്തിച്ചില്ല. എന്താണ് ഓർത്തുനോക്കേണ്ടതെന്ന് ഓർത്തുനോക്കുന്ന കഷ്ടപ്പാടിലായിരുന്നു ഞാൻ.

"ങ്ങള് എയ്തിത്തരീന്ന്."

ഭഗവാൻ കുറച്ചു തിരക്കിലാണ്. മഹദ്വചനമാണെങ്കിൽ ഒന്നും തോന്നുന്നുമില്ല. അവനവന്റേതു വേണ്ട, മറ്റുവല്ല യോഗ്യന്മാരും പറഞ്ഞതായാലും മതിയായിരുന്നു. പഠിച്ച വിദ്യ അത്യാവശ്യം വേണ്ട നേരത്തു തോന്നാതെ പോകട്ടെ എന്നു പണ്ട് ശാപം കിട്ടിയ കർണന്റെ കിസ്സ അന്നേരം ഓർമ വന്നു. മറ്റൊന്നും ഓർമ്മയായതുമില്ല.

എന്നാലും ലേശം അന്തസ്സുവിചാരിച്ചു ഞാൻ നിന്നു: അറിയപ്പെടുന്നു എന്നതിന്റെ ഒരു സൂചനയാണിത്. കൊള്ളാം. ഈ കുട്ടികളെ മാതൃകയാക്കി ഇനി മറ്റുള്ളവർക്കും എന്റെയടുത്ത് ഓട്ടോഗ്രാഫുമായി വരാം. വിശേഷിച്ചും പെൺകിടാങ്ങൾക്ക്. അവരൊക്കെ വന്നാൽ ഫിലോസഫി ആലോചിക്കുന്ന മനസ്സിന്റെ ഭാഗം ഉഷാറാവും എന്നതിന് വല്ല സംശയവുമുണ്ടോ?

ഫിലോസഫി ഇപ്പോഴൊന്നും തോന്നുന്നില്ല. ഭഗവാനെയും തുഞ്ചത്താചാര്യനെയും മനസ്സിൽ ധ്യാനിച്ചിട്ടും രക്ഷയില്ല. പോട്ടെ. ഒടുക്കം ഞാൻ എഴുതി.

"നന്മ നേർന്നുകൊണ്ട്"

താഴെ കഴിയുന്നത്ര ഭംഗിയായി ഒപ്പിട്ടു. ആ പണി തീർന്നയുടനെ പയ്യൻ ഓട്ടോഗ്രാഫ് തട്ടിത്തെറിപ്പിച്ചു.

ഉടനെ ഒരു ചോദ്യം

"ങ്ങക്കെന്താ പണി?"

ഞാൻ ഒന്നിളിഞ്ഞു. നാട്ടുനടപ്പനുസരിച്ച് അതു പുറമേ കാണിച്ചില്ല.

"മാഷാ"

അടുത്ത ചോദ്യം

"ങ്ങളെ പേരെന്താ?"

മലയാള മനോരമ: 15 ഏപ്രിൽ 1995.

□

